# പതിനാലാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 218 | 28.01.2019-ൽ മറുപടിക്ക് |
|---|---|

**ആഭ്യന്തര, പൊതുഭരണ വകുപ്പുകൾക്ക് ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ**

| ചോദ്യം<br>ശ്രീ. വി. കെ. സി. മമ്മത് കോയ | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആഭ്യന്തര, പൊതുഭരണ വകുപ്പുകൾക്ക് ദേശീയ-അന്തർദേശീയ തലത്തിലുള്ള അംഗീകാരങ്ങളോ പുരസ്കാരങ്ങളോ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുള്ള അംഗീകാരങ്ങളും പുരസ്കാരങ്ങളും ചുവടെ ചേർക്കുന്നു.<br>1) UMI (Urban Mobility India) Award- 2017 for excellence in Urban Transport, SKOCH Governance Award-2018, DSCI Award (Data Security Council of India) 2017, എന്നീ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.<br>2) സൈബർ സെക്യൂരിറ്റി വിഭാഗത്തിൽ 2018 ലെ FICCI Smart Policing Award കേരളാ പോലീസ് സേനയുടെ ഭാഗമായി സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. കൂടാതെ Security Watch India (SWI) Innovation and Excellence Awards 2016 ൽ " Innovative use of Technology in Cyber Security" എന്ന വിഭാഗത്തിലും സൈബർ ഡോമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>3) ക്രമസമാധാന പാലനത്തിനുള്ള ഇന്ത്യാ ടുഡേ പുരസ്കാരം.<br>4) അഴിമതി കുറവുള്ള സംസ്ഥാനം കേരളമെന്ന് (സെന്റർ ഫോർ മീഡിയ സ്റ്റഡീസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>5) ഏറ്റവും കുറവ് വർഗീയ കലാപം കേരളത്തിൽ (നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>6) കേരളാ പോലീസിന്റെ ജനമൈത്രി പദ്ധതിക്ക് ഫൗണ്ടേഷൻ ഫോർ റിസർച്ച് എന്ന സ്ഥാപനം പ്രസിദ്ധീകരിക്കുന്ന ജേണൽ ' കോപ്സ് ടുഡെ ഇന്റർ നാഷണൽ' |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്<br>7) കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനും ഉൾപ്പെടുന്നു.<br>8) കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിന് ഐ.എസ്.ഒ 9001:2015 പദവി ലഭിച്ചു.<br>9) സൈബർ കുറ്റാന്വേഷണ മേഖലയിലെ മികവിന് ദേശീയ തലത്തിൽ കേരളാ പോലീസിന് അവാർഡ് ലഭിക്കുകയുണ്ടായി.<br>10) എറണാകുളം റൂറൽ ജില്ലയിൽ പാസ്പോർട്ട് അപേക്ഷയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും ഈ വിഭാഗത്തിൽ ഏറ്റവും വേഗതയിലും, പൂർണ്ണമായും ശരാശരി രണ്ട് ദിവസത്തിനുള്ളിൽ വെരിഫിക്കേഷൻ പൂർത്തിയാക്കി രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തിയതിന് എറണാകുളം റൂറൽ ജില്ലയ്ക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>11) 2016 നവംബറിൽ ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർ നാഷണൽ ട്രേഡ് ഫെയറിൽ (ഡിജിറ്റൽ ഇന്ത്യ തീം) കേരള പവലിയൻ ഗോൾഡ് മെഡൽ കരസ്ഥമാക്കി. അതിൽ കേരളാ പോലീസ് പവലിയൻ Best Exhibitor അവാർഡിന് അർഹമായി. |

സെക്ഷൻ ഓഫീസർ